**മധുരമായ കുട്ടികളേ- ഓർമ്മയിലൂടെയും പഠിപ്പിലൂടെയും മാത്രമേ ഇരട്ടക്കിരീടം ലഭിക്കൂ, അതിനാൽ തന്റെ ലക്ഷ്യത്തെ മുന്നിൽ വെച്ച് ദൈവീക ഗുണങ്ങൾ ധാരണ ചെയ്യൂ.**

**ചോദ്യം-** വിശ്വ രചയിതാവായ ബാബ നിങ്ങൾ കുട്ടികളുടെ എന്ത് സേവനമാണ് ചെയ്യുന്നത്?
**ഉത്തരം-** 1. കുട്ടികൾക്ക് പരിധിയില്ലാത്ത സമ്പത്ത് നൽകി സന്തോഷിപ്പിക്കുന്ന സേവനം. ബാബയെപ്പോലെ നിഷ്കാമ സേവനം ചെയ്യാൻ ആർക്കും സാധിക്കില്ല. 2. പരിധിയില്ലാത്ത ബാബ ഇരിപ്പിടം വാടകയ്ക്ക് എടുത്ത് നിങ്ങളെ വിശ്വസിംഹാസനധാരികളാക്കി മാറ്റുന്നു. സ്വയം അധികാരത്തിന്റെ സിംഹാസനത്തിൽ ഇരിക്കുന്നില്ല എന്നാൽ കുട്ടികളെ അധികാരത്തിന്റെ സിംഹാസനത്തിൽ ഇരുത്തുകയാണ്. ബാബയ്ക്കായി ജഢക്ഷേത്രങ്ങളാണ് നിർമ്മിക്കുന്നത്, അതിൽ ബാബയ്ക്ക് എന്ത് രസമാണുണ്ടാവുക. ആസ്വദിക്കുന്നത് കുട്ടികളാണ് കാരണം നിങ്ങളാണ് സ്വർഗ്ഗത്തിന്റെ രാജ്യഭാഗ്യം എടുക്കുന്നത്.

**ഓംശാന്തി.** മധുര മധുരമായ ആത്മീയ കുട്ടികളോട് ബാബ പറയുകയാണ് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കു. ഓംശാന്തി എന്നതിന്റെ അർത്ഥം കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്. ബാബയും പറയുന്നുണ്ട് ഒപ്പം കുട്ടികളും പറയുന്നുണ്ട് ഓംശാന്തി, എന്തെന്നാൽ ആത്മാവിന്റെ സ്വധർമ്മമാണ് ശാന്തി. നിങ്ങൾ ഇപ്പോൾ മനസ്സിലാക്കി നമ്മൾ ശാന്തിധാമത്തിൽ നിന്നും ആദ്യമാദ്യം ഇവിടെ സുഖധാമത്തിലേയ്ക്കാണ് വരുന്നത്, പിന്നീട് 84 പുനർജന്മങ്ങൾ എടുത്ത് എടുത്ത് ദുഃഖധാമത്തിലെത്തുന്നു. ഇത് ഓർമ്മയുണ്ടല്ലോ. കുട്ടികൾ 84 ജന്മങ്ങൾ എടുക്കുന്നു, ജീവാത്മാവായി മാറുന്നു. ബാബ ജീവാത്മാവായി മാറുന്നില്ല. പറയുന്നു ഞാൻ താല്ക്കാലികമായി ഇദ്ദേഹത്തെ ആശ്രയിക്കുകയാണ്. ഇല്ലെങ്കിൽ പിന്നെങ്ങിനെ പഠിപ്പിക്കും? മന്മനാഭവയായിരിക്കൂ, തന്റെ രാജധാനിയെ ഓർമ്മിക്കൂ എന്നെല്ലാം കൂടെക്കൂടെ എങ്ങനെ പറയും? ഇതിനെയാണ് പറയുന്നത് സെക്കന്റിൽ വിശ്വത്തിന്റെ രാജ്യപദവി. പരിധിയില്ലാത്ത ബാബയല്ലേ അതിനാൽ തീർച്ചയായും പരിധിയില്ലാത്ത സന്തോഷവും പരിധിയില്ലാത്ത സമ്പത്തുമാണ് നൽകുക. ബാബ വളരെ സഹജമായ വഴി പറഞ്ഞുതരുന്നു. പറയുന്നു ഇപ്പോൾ ഈ ദുഃഖധാമത്തെ ബുദ്ധിയിൽ നിന്നും എടുത്തുമാറ്റു. സ്വർഗ്ഗത്തിന്റെ അധികാരിയായി മാറണമെങ്കിൽ അതിന്റെ സ്ഥാപന ചെയ്യുന്ന എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ പാപം മുറിയും. നിങ്ങൾ വീണ്ടും സതോപ്രധാനമായി മാറും, ഇതിനെയാണ് സഹജമായ ഓർമ്മ എന്നു പറയുന്നത്. എങ്ങനെയാണോ കുട്ടികൾ ലൗകിക പിതാവിനെ വളരെ സഹജമായി ഓർമ്മിക്കുന്നത് അതുപോലെ നിങ്ങൾ കുട്ടികൾ പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കണം. ബാബയാണ് ദുഃഖത്തിൽ നിന്നും പുറത്തെടുത്ത് സുഖധാമത്തിലേയ്ക്ക് കൊണ്ടുപോകുന്നത്. അവിടെ ദുഃഖത്തിന്റെ പേരോ അടയാളമോ പോലും ഉണ്ടാകില്ല. വളരെ സഹജമായ കാര്യമാണ് പറയുന്നത്- തന്റെ ശാന്തിധാമത്തെ ഓർമ്മിക്കു, ബാബയുടെ വീട് ഏതാണോ അത് നിങ്ങളുടേയും വീടാണ് പിന്നെ പുതിയ ലോകത്തെ ഓർമ്മിക്കു, അത് നിങ്ങളുടെ രാജധാനിയാണ്. ബാബ നിങ്ങൾ കുട്ടികളുടെ നിഷ്കാമ സേവനം എത്രമാത്രം ചെയ്യുന്നു. നിങ്ങൾ കുട്ടികളെ സുഖിയാക്കി മാറ്റിയിട്ട് പിന്നീട് വാനപ്രസ്ഥത്തിൽ പരമധാമത്തിൽ പോയിരിക്കുന്നു. നിങ്ങൾ പരമധാമ നിവാസികളാണ്. അതിനെ നിർവ്വാണധാമം, വാനപ്രസ്ഥം എന്നും പറയാറുണ്ട്. ബാബ വരുന്നത് കുട്ടികളുടെ സേവനം ചെയ്യുന്നതിനായാണ് അർത്ഥം സമ്പത്ത് നൽകാനാണ്. ബ്രഹ്മാവും ബാബയിൽ നിന്നും സമ്പത്ത് എടുക്കുകയാണ്. ശിവബാബ ഉയർന്നതിലും ഉയർന്ന ഭഗവാനാണ്, ശിവബാബയുടെ ക്ഷേത്രങ്ങളുമുണ്ട്. ബാബയ്ക്ക് ടീച്ചറോ ഗുരുവോ ഇല്ല. മുഴുവൻ സൃഷ്ടിയുടേയും ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം ബാബയുടെ പക്കലാണുള്ളത്. എവിടെ നിന്നാണ് വന്നത്? എന്താ ഏതെങ്കിലും വേദശാസ്ത്രങ്ങൾ മുതലായവ പഠിച്ചിട്ടുണ്ടോ? ഇല്ല. ബാബ ജ്ഞാനസാഗരനാണ്, സുഖ ശാന്തിയുടെ സാഗരനാണ്. ബാബയുടെ മഹിമയും ദൈവീകഗുണങ്ങളുള്ള മനുഷ്യരുടെ മഹിമയും തമ്മിൽ വ്യത്യാസമുണ്ട്. നിങ്ങൾ ദൈവീക ഗുണങ്ങൾ ധാരണ ചെയ്ത് ദേവതയായി മാറുന്നു. മുമ്പ് ആസുരീയഗുണങ്ങളായിരുന്നു. അസുരനിൽ നിന്നും ദേവതയാക്കി മാറ്റണം- ഇത് ബാബയുടെ തന്നെ ജോലിയാണ്. ലക്ഷ്യവും മുന്നിലുണ്ട്. തീർച്ചയായും അവർ ഇങ്ങനെയുള്ള ശ്രേഷ്ഠകർമ്മങ്ങൾ ചെയ്തിട്ടുണ്ടാകും. കർമ്മം- അകർമ്മം- വികർമ്മം എന്നിവയുടെ ഗതി, അതുപോലെ ഓരോ കാര്യങ്ങളും മനസ്സിലാക്കിത്തരാൻ ഒരു സെക്കന്റ് മതി.

ബാബ പറയുന്നു മധുര മധുരമായ കുട്ടികൾക്ക് പാർട്ട് അഭിനയിക്കുക തന്നെ വേണം. ഈ പാർട്ട് നിങ്ങൾക്ക് അനാദിയും അവിനാശിയുമായി ലഭിച്ചിട്ടുള്ളതാണ്. നിങ്ങൾ എത്ര തവണ ഈ സുഖ ദുഃഖത്തിന്റെ കളിയിൽ വന്നിട്ടുണ്ട്. എത്ര തവണ നിങ്ങൾ വിശ്വത്തിന്റെ അധികാരിയായി മാറിയിട്ടുണ്ട്. ബാബ എത്ര ഉയർന്നവ

രാക്കി മാറ്റുന്നു. സുപ്രീം സോളായ പരമാത്മാവും വളരെ ചെറുതാണ്. ആ ബാബ ജ്ഞാനസാഗരനാണ്. അതിനാൽ ആത്മാക്കളേയും തനിക്കു സമാനമാക്കി മാറ്റുന്നു. നിങ്ങൾ സ്നേഹത്തിന്റെ സാഗരവും, സുഖ ത്തിന്റെ സാഗരവുമായി മാറുന്നു. ദേവതകൾക്ക് പരസ്പരം എത്ര സ്നേഹമാണ്. ഒരിയ്ക്കലും വഴക്കടി ക്കുന്നില്ല. അതിനാൽ ബാബ വന്ന് നിങ്ങളെ ബാബയ്ക്ക് സമാനമാക്കി മാറ്റുകയാണ്. ബാക്കിയാർക്കും ഇങ്ങനെയാക്കി മാറ്റാൻ സാധിക്കില്ല. കളി സ്ഥൂലവതനത്തിലാണ് നടക്കുന്നത്. ആദ്യം ആദി സനാതന ദേവീ ദേവതാധർമ്മം പിന്നീട് ഇസ്ലാമികൾ, ബൗദ്ധികൾ എന്നിവർ നമ്പർ അനുസരിച്ച് ഈ വേദിയിൽ അഥവാ നാടകശാലയിലേയ്ക്ക് വരുന്നു. 84 ജന്മങ്ങൾ എടുക്കുന്നത് നിങ്ങളാണ്. പാട്ടുമുണ്ട് ആത്മാക്കളും പരമാത്മാവും ഒരുപാടുകാലം വേർപെട്ടിരുന്നു............ അച്ഛൻ പറയുന്നു മധുര മധുരമായ കുട്ടികളേ, ആദ്യമാദ്യം വിശ്വത്തിൽ പാർട്ട് അഭിനയിക്കാൻ വന്നത് നിങ്ങളാണ്. ഞാനാണെങ്കിൽ കുറച്ച് സമയത്തേ യ്ക്കായി ഇവരിൽ പ്രവേശിക്കുന്നു. ഇതാണെങ്കിൽ പഴയ ചെരുപ്പാണ്. ഭാര്യ മരിച്ചാൽ ഭർത്താവ് പറയും ഒരു പഴയ ചെരുപ്പ് പോയി, ഇനി പുതിയത് എടുക്കണം. ഇതും പഴയ ശരീരമല്ലേ. 84 ജന്മങ്ങളുടെ ചക്രം കറങ്ങിയിട്ടുണ്ട്. തതത്വം(താങ്കളും), അതിനാൽ ഞാൻ വന്ന് ഈ രഥത്തിന്റെ ആധാരമെടുക്കുകയാണ്. പാവനലോകത്തിൽ ഞാൻ ഒരിയ്ക്കലും വരുന്നതേയില്ല. നിങ്ങൾ പതിതമാണ്, വന്ന് പാവനമാക്കി മാറ്റൂ എന്നുപറഞ്ഞ് എന്നെ വിളിക്കുന്നു. അവസാനം നിങ്ങളുടെ ഓർമ്മയ്ക്ക് ഫലം ലഭിക്കുമല്ലോ. എപ്പോ ഴാണോ പഴയ ലോകത്തിന്റെ അവസാനമാകുന്നത് ആ സമയത്താണ് ഞാൻ വരുന്നത്. ബ്രഹ്മാവിലൂടെ സ്ഥാപന. ബ്രഹ്മാവിലൂടെ അർത്ഥം ബ്രാഹ്മണരിലൂടെ. ആദ്യം കുടുമയായ ബ്രാഹ്മണർ, പിന്നീട് ക്ഷത്രി യർ....... ഇങ്ങനെ കുട്ടിക്കരണം മറിഞ്ഞ് കളിക്കുകയാണ്. ഇപ്പോൾ ദേഹാഭിമാനത്തെ ഇപേക്ഷിച്ച് ദേഹീ അഭിമാനിയായി മാറണം. നിങ്ങൾ 84 ജന്മങ്ങൾ എടുക്കുന്നുണ്ട്. ഞാൻ ഒരേയൊരു തവണയാണ് ഈ ശരീരം ലോണായി എടുക്കുന്നത്. വാടകയ്ക്ക് എടുക്കുകയാണ്. ഞാൻ ഈ കെട്ടിടത്തിന്റെ ഉടമസ്ഥനല്ല. ഇതിനെ ഞാൻ പിന്നീട് ഉപേക്ഷിക്കും. വാടക കൊടുക്കേണ്ടി വരുമല്ലോ. ബാബയും പറയുന്നു, ഞാൻ കെട്ടിടത്തിന്റെ വാടക നൽകുന്നുണ്ട്. പരിധിയില്ലാത്ത ബാബയാണ്, അതിനാൽ വാടകയായി എന്തെ ങ്കിലും കൊടുക്കുന്നുണ്ടാകും തീർച്ച. ഈ ഇരിപ്പിടം ഉപയോഗിക്കുകയാണ് നിങ്ങൾക്ക് മനസ്സിലാക്കിത്ത രാൻ വേണ്ടി. വിശ്വത്തിന്റെ രാജ്യസിംഹാസനത്തിന് യോഗ്യരാക്കുന്ന തരത്തിൽ നിങ്ങൾക്ക് മനസ്സിലാക്കി ത്തരുന്നു. സ്വയം പറയുന്നു, ഞാൻ ആകുന്നില്ല. സിംഹാസനധാരി അർത്ഥം അധികാരത്തിന്റെ സിംഹാ സനത്തിലാണ് ഇരുത്തുന്നത്. ശിവബാബയുടെ ഓർമ്മയ്ക്കായാണ് സോമനാഥ ക്ഷേത്രം നിർമ്മിച്ചിരിക്കു ന്നത്. ബാബ പറയുന്നു ഇതിൽ നിന്ന് എനിക്ക് എന്ത് രസമാണ് ലഭിക്കുക. ജഢമൂർത്തിയെ വെക്കുന്നു. നിങ്ങൾ കുട്ടികളാണ് സ്വർഗ്ഗത്തിൽ ആസ്വദിക്കുന്നത്. ഞാനാണെങ്കിൽ സ്വർഗ്ഗത്തിലേയ്ക്ക് വരുന്നേയില്ല. പിന്നീട് ഭക്തി മാർഗ്ഗം ആരംഭിക്കുമ്പോൾ ഈ ക്ഷേത്രങ്ങളെല്ലാം നിർമ്മിക്കാൻ എത്ര ചിലവാണ് ചെയ്തത്. എന്നിട്ടും കള്ളൻ കൊള്ളയടിച്ചുകൊണ്ടുപോയി. രാവണ രാജ്യത്തിൽ നിങ്ങളുടെ ധനവും സമ്പത്തും എല്ലാം നശിക്കുന്നു. ഇപ്പോൾ ആ അധികാരത്തിന്റെ സിംഹാസനമുണ്ടോ? ബാബ പറയുന്നു എന്റെ ക്ഷേത്രം നിർമ്മിച്ചതിനെ മുഹമ്മദ് ഗസ്നി വന്ന് കൊള്ളയടിച്ച് കൊണ്ടുപോയി.

ഭാരതത്തെപ്പോലെ സമ്പന്നമായ മറ്റൊരു ദേശമില്ല. ഇതുപോലൊരു തീർത്ഥസ്ഥാനം മറ്റൊന്നുണ്ടാവുക സാദ്ധ്യമല്ല. പക്ഷേ ഇന്നാണെങ്കിൽ ഹിന്ദു ധർമ്മത്തിന് അനേകം തീർത്ഥസ്ഥാനങ്ങളുണ്ട്. വാസ്തവത്തിൽ ഭാരതത്തിന്റെ സദ്ഗതി ചെയ്യുന്ന ബാബയുടെ തീർത്ഥസ്ഥാനമാണ് ഉണ്ടാകേണ്ടത്. ഇതും ഡ്രാമയിൽ അടങ്ങിയതാണ്. മനസ്സിലാക്കുവാൻ വളരെ സഹജമാണ്. പക്ഷേ നമ്പർവൈസായേ മനസ്സിലാക്കൂ കാരണം രാജധാനിയാണ് സ്ഥാപിക്കുന്നത്. സ്വർഗ്ഗത്തിന്റെ അധികാരികൾ ഈ ലക്ഷ്മീ നാരായണന്മാരാണ്. ഇവ രാണ് ഉത്തമരിലും ഉത്തമരായ പുരുഷന്മാർ ഇവരെയാണ് പിന്നീട് ദേവതകൾ എന്ന് വിളിക്കുന്നത്. ദൈവീക ഗുണങ്ങൾ നിറഞ്ഞവരെയാണ് ദേവത എന്നു വിളിക്കുന്നത്. ഉയർന്ന ദേവതാ ധർമ്മത്തിലുള്ള ഇവർ പ്രവൃത്തി മാർഗ്ഗത്തിലുള്ളവരാണ്. ആ സമയത്ത് നിങ്ങളുടെ പ്രവൃത്തി മാർഗ്ഗം മാത്രമേ ഉണ്ടാകൂ. ബാബ നിങ്ങളെ ഇരട്ടക്കിരീടധാരികളാക്കി മാറ്റി. രാവണൻ പിന്നീട് രണ്ട് കിരീടവും നഷ്ടപ്പെടുത്തി. ഇപ്പോൾ കിരീടമേയില്ല, പവിത്രതയുടെ കിരീടവുമില്ല, ധനത്തിന്റെ കിരീടവുമില്ല, രണ്ടും രാവണൻ നഷ്ടപ്പെടുത്തി. പിന്നീട് ബാബ വന്ന് ഈ പഠിപ്പിലൂടെയും ഓർമ്മയിലൂടെയും നിങ്ങൾക്ക് രണ്ട് കിരീടങ്ങളും നൽകുന്നു അതിനാലാണ് പാടുന്നത്– ഓ ഗോഡ് ഫാദർ വന്ന് ഞങ്ങളുടെ വഴികാട്ടിയാകൂ, മുക്തിയും നൽകൂ. അപ്പോൾ നിങ്ങൾക്കും വഴികാട്ടി എന്ന് പേരുവെച്ചിരിക്കുന്നു. പാണ്ഢവരും കൗരവരും യാദവരും എന്താണ് ചെയ്യുന്നത്. പറയുന്നു ബാബാ ഞങ്ങളെ ദുഃഖത്തിന്റെ ലോകത്തിൽ നിന്നും രക്ഷിച്ച് കൂടെക്കൊണ്ടുപോ കൂ. ബാബയാണ് സത്യഖണ്ഢത്തിന്റെ സ്ഥാപന ചെയ്യുന്നത്, ഇതിനെയാണ് സ്വർഗ്ഗം എന്നു പറയുന്നത്. പിന്നീട് രാവണൻ അസത്യ ഖണ്ഢമാക്കി മാറ്റുന്നു. അവർ പറയുന്നു കൃഷ്ണഭഗവാനു വാചാ. ബാബ പറയുന്നു ശിവഭഗവാനുവാച. ഭാരതവാസികൾ പേര് മാറ്റി അതിനാൽ മുഴുവൻ ലോകവും പേരിനെ മാറ്റി. കൃഷ്ണൻ ദേഹധാരിയാണ്, വിദേഹിയായത് ഒരേ ഒരു ശിവബാബയാണ്. ഇപ്പോൾ ബാബയിലൂടെ നിങ്ങൾ

കുട്ടികൾക്ക് ശക്തി ലഭിക്കുന്നു. മുഴുവൻ വിശ്വത്തിനും നിങ്ങൾ അധികാരിയായി മാറുന്നു. മുഴുവൻ ആകാശവും ഭൂമിയും നിങ്ങൾക്ക് ലഭിക്കുന്നു. മുക്കാൽ കല്പത്തിലേയ്ക്ക് ഇത് നിങ്ങളിൽ നിന്നും തട്ടിയെടുക്കാൻ ആരിലും ശക്തിയുണ്ടാകില്ല. അവരുടെ വൃദ്ധി ഉണ്ടായി കോടിക്കണക്കിനുപേരാകുമ്പോഴാണ് അവർ സൈന്യവുമായി വന്ന് നിങ്ങളുടെ മേൽ വിജയം നേടുന്നത്. ബാബ കുട്ടികൾക്ക് എത്ര സുഖമാണ് നൽകുന്നത്. ബാബയുടെ മഹിമതന്നെ ദുഃഖഹർത്താവ്, സുഖകർത്താവ് എന്നതാണ്. ഈ സമയത്ത് ബാബ ഇരുന്ന് നിങ്ങൾക്ക് കർമ്മം – അകർമ്മം– വികർമ്മം എന്നിവയുടെ ഗതിയെക്കുറിച്ച് മനസ്സിലാക്കിത്തരുകയാണ്. രാവണരാജ്യത്തിൽ കർമ്മം വികർമ്മമായി മാറുന്നു. സത്യയുഗത്തിൽ കർമ്മം അകർമ്മമായി മാറുന്നു. ഇപ്പോൾ നിങ്ങൾക്ക് ഒരു സദ്ഗുരുവിനെ ലഭിച്ചിരിക്കുന്നു, ആരെയാണോ പതിമാരുടേയും പതി എന്ന് വിളിക്കുന്നത് എന്തുകൊണ്ടെന്നാൽ എല്ലാ പതിമാരും ബാബയെത്തന്നെയാണ് ഓർമ്മിക്കുന്നത്. അതിനാൽ ബാബ മനസ്സിലാക്കിത്തരുകയാണ് ഇത് എത്ര അത്ഭുതകരമായ ഡ്രാമയാണ്. ഇത്രയും ചെറിയ ആത്മാവിൽ അവിനാശിയായ പാർട്ട് നിറഞ്ഞിട്ടുണ്ട്, അത് ഒരിയ്ക്കലും നശിക്കില്ല. ഇതിനെയാണ് അനാദി അവിനാശി ഡ്രാമ എന്നു പറയുന്നത്. ഈശ്വരൻ ഒന്നേയുള്ളു. രചന അഥവാ ഏണിപ്പടിയും ചക്രവും എല്ലാം ഒന്നുതന്നെയാണ്. രചയിതാവിനേയോ രചനയേയോ ആർക്കും അറിയില്ല. ഋഷി മുനിമാർ പോലും പറയുന്നത് ഞങ്ങൾക്ക് അറിയില്ല എന്നാണ്. ഇപ്പോൾ നിങ്ങൾ സംഗമത്തിലാണ് ഇരിക്കുന്നത്, നിങ്ങളുടെ യുദ്ധം മായയുമായാണ്. മായ വിടുന്നേയില്ല. കുട്ടികൾ പറയുന്നു– ബാബാ, മായയുടെ അടികൊണ്ടു. ബാബ പറയുന്നു– കുട്ടികളേ, ഉണ്ടാക്കിയ സമ്പാദ്യം നഷ്ടപ്പെടുത്തി! നിങ്ങളെ ഭഗവാൻ പഠിപ്പിക്കുകയാണ് അതിനാൽ നല്ല രീതിയിൽ പഠിക്കണം. ഇങ്ങനെയുള്ള പഠിപ്പ് ഇനി 5000 വർഷങ്ങൾക്കു ശേഷമേ ലഭിക്കൂ. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം–

1. ഈ ദുഃഖധാമത്തിൽ നിന്നും ബുദ്ധിയോഗത്തെ എടുത്തുമാറ്റി പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുന്ന ബാബയെ ഓർമ്മിക്കണം, സതോപ്രധാനമായി മാറണം.

2. ബാബയ്ക്കു സമാനം സ്നേഹ സാഗരനും ശാന്തിയുടേയും സുഖത്തിന്റേയും സാഗരനും ആകണം. കർമ്മം, അകർമ്മം, വികർമ്മം എന്നിവയുടെ ഗതിയെ മനസ്സിലാക്കി സദാ ശ്രേഷ്ഠ കർമ്മം ചെയ്യണം.

## വരദാനം:– സദാ ഉന്മേഷ–ഉത്സാഹത്തിലിരുന്ന് മനസ്സിൽ സന്തോഷത്തിന്റെ ഗീതം പാടുന്ന അവിനാശിയായ ഭാഗ്യശാലികളായി ഭവിക്കട്ടെ.

താങ്കൾ ഭാഗ്യശാലികളായ കുട്ടികൾ അവിനാശീ വിധിയിലൂടെ അവിനാശിയായ സിദ്ധികൾ പ്രാപ്തമാക്കുന്നവരാണ്. താങ്കളുടെ മനസ്സിൽ സദാ ആഹാ–ആഹായുടെ സന്തോഷത്തിന്റെ ഗീതം മുഴങ്ങിക്കൊണ്ടിരിക്കുന്നു. ആഹാ ബാബാ! ആഹാ ഭാഗ്യം! ആഹാ മധുരമായ പരിവാരം! ആഹാ ശ്രേഷ്ഠ സംഗമത്തിന്റെ സ്വർണ്ണിമ സമയം. ഓരോ കർമ്മവും ആഹാ–ആഹാ ആണ്, അതിനാൽ താങ്കൾ അവിനാശീ ഭാഗ്യശാലികളാണ്. താങ്കളുടെ മനസ്സിൽ ഒരിക്കലും എന്തുകൊണ്ട്, ഞാൻ ഇവ വരികയില്ല. എന്തുകൊണ്ട് എന്നതിന് പകരം ആഹാ–ആഹായും ഞാൻ എന്നതിന് പകരം ബാബാ–ബാബാ എന്നതുമേ വരൂ.

## സ്ലോഗൻ:– എന്ത് സങ്കൽപ്പം ചെയ്യുന്നുവോ അതിന്മേൽ അവിനാശീ ഗവണ്മെന്റിന്റെ സ്റ്റാമ്പ് വെക്കൂ എങ്കിൽ അചഞ്ചലമായിരിക്കും.

**മാതേശ്വരിയുടെ മധുര മഹാവാക്യങ്ങൾ–**

### ജീവിതത്തിലെ ആഗ്രഹങ്ങൾ പൂർത്തിയാകുന്നതിനുള്ള സ്വർണ്ണിമ സമയം.

നമ്മൾ എല്ലാ ആത്മാക്കളുടേയും ഒരുപാടുകാലമായുള്ള ആഗ്രഹമാണ് ജീവിതത്തിൽ സദാ സുഖവും

ശാന്തിയും ലഭിക്കണം എന്നത്, വളരെ അധികം ജന്മങ്ങളായുള്ള ആഗ്രഹം എപ്പോഴെങ്കിലും പൂർത്തിയാകുമല്ലോ. ഇപ്പോൾ ഇതാണ് നമ്മുടെ അന്തിമ ജന്മം, ഈ അന്തിമ ജന്മത്തിന്റേയും അന്തിമ സമയമാണ്. ഞാൻ ഇപ്പോഴും ചെറുപ്പമാണ് എന്ന് ആരും കരുതരുത്, ചെറിയവരായാലും വലിയവരായാലും സുഖം എല്ലാവർക്കും വേണമല്ലോ, പക്ഷേ ദുഃഖം എന്തിൽ നിന്നാണ് ലഭിക്കുന്നത് എന്നതിന്റെ ജ്ഞാനം ആദ്യം വേണം. ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനം ലഭിച്ചു അതായത് ഈ 5 വികാരങ്ങളിൽ കുടുങ്ങിയ കാരണത്താലാണ് ഈ കർമ്മബന്ധനങ്ങൾ ഉണ്ടായത്, അവയെ പരമാത്മാവിന്റെ ഓർമ്മയുടെ അഗ്നിയിൽ ഭസ്മമാക്കണം, ഇതാണ് കർമ്മബന്ധനങ്ങളിൽ നിന്നും രക്ഷപ്പെടാനുള്ള സഹജമായ ഉപായം. സർവ്വശക്തിവാനായ ബാബയെ നടക്കുമ്പോഴും കറങ്ങുമ്പോഴും ശ്വാസ ശ്വാസങ്ങളിൽ ഓർമ്മിക്കൂ. ഇപ്പോൾ ഈ ഉപായം പറഞ്ഞുതരുന്നതിനുള്ള സഹായം സ്വയം പരമാത്മാവ് വന്ന് ചെയ്യുന്നു, പക്ഷേ ഇതിൽ ഓരോ ആത്മാവിനും പുരുഷാർത്ഥം ചെയ്യണം. പരമാത്മാവ് അച്ഛൻ, ടീച്ചർ, ഗുരു എന്നീ രൂപങ്ങളിൽ വന്ന് നമുക്ക് സമ്പത്ത് നൽകുന്നു. അതിനാൽ ആദ്യം ആ അച്ഛന്റേതായി മാറണം, പിന്നീട് ടീച്ചറിൽ നിന്നും പഠിക്കണം ഈ പഠിപ്പിലൂടെ ഭാവിയിലെ ജന്മ ജന്മാന്തരങ്ങളിലേയ്ക്കുള്ള സുഖത്തിന്റെ പ്രാലബ്ധം ഉണ്ടാകുന്നു അർത്ഥം ജീവന്മുക്തിയുടെ പദവിയിൽ പുരുഷാർത്ഥം അനുസരിച്ച് ഭാഗ്യം ലഭിക്കുന്നു. മാത്രമല്ല ഗുരുവിന്റെ രൂപത്തിൽ പവിത്രമാക്കി മാറ്റി മുക്തിയും നൽകുന്നു, അതിനാൽ ഈ രഹസ്യത്തെ മനസ്സിലാക്കി ഇങ്ങനെയുള്ള പുരുഷാർത്ഥം ചെയ്യണം. പഴയ കണക്കുകൾ അവസാനിപ്പിച്ച് പുതിയ ജീവിതം നിർമ്മിക്കുന്നതിനുള്ള സമയം ഇതുതന്നെയാണ്, ഈ സമയത്ത് എത്രത്തോളം പുരുഷാർത്ഥം ചെയ്ത് തന്റെ ആത്മാവിനെ പവിത്രമാക്കി മാറ്റുന്നുവോ അത്രത്തോളം ശുദ്ധമായ റെക്കോർഡ് നിറയും പിന്നീട് മുഴുവൻ കല്പവും അത് നടക്കും, അതിനാൽ മുഴുവൻ കല്പത്തിന്റേയും ആധാരം ഈ സമയത്തെ സമ്പാദ്യമാണ്. നോക്കൂ, ഈ സമയത്താണ് നിങ്ങൾക്ക് ആദി, മദ്ധ്യ, അന്ത്യത്തിന്റെ ജ്ഞാനം ലഭിക്കുന്നത്, നമുക്ക് ദേവതയായി മാറണം പിന്നെ നമ്മുടേതാണ് ഉയരുന്ന കല പിന്നീട് നമ്മൾ അവിടെച്ചെന്ന് പ്രാലബ്ധം അനുഭവിക്കും. അവിടെ ദേവതകൾക്ക് നമ്മൾ വീണുപോകും എന്ന കാര്യം അറിയുകപോലുമില്ല, അഥവാ സുഖം അനുഭവിച്ച് പിന്നീട് താഴേയ്ക്ക് വീഴും എന്ന് അറിഞ്ഞുകഴിഞ്ഞാൽ പിന്നെ താഴേയ്ക്ക് വീഴും എന്ന ചിന്ത കാരണം സുഖം അനുഭവിക്കാനേ സാധിക്കില്ല. അതിനാൽ ഇത് ഈശ്വരൻ രചിച്ച നിയമമാണ് അതായത് മനുഷ്യൻ സദാ കയറുന്നതിനുള്ള പുരുഷാർത്ഥമാണ് ചെയ്യുന്നത് അർത്ഥം സുഖത്തിനുവേണ്ടിയാണ് സമ്പാദിക്കുന്നത്. പക്ഷേ ഡ്രാമയിൽ പകുതി പകുതിയായാണ് പാർട്ട് ഈ രഹസ്യം നമുക്ക് അറിയാം, പക്ഷേ ഏത് സമയത്താണോ സുഖം ലഭിക്കുന്നത് ആ സമയത്ത് പുരുഷാർത്ഥം ചെയ്ത് സുഖം എടുക്കണം, ഇതാണ് പുരുഷാർത്ഥത്തിന്റെ മഹത്വം. അഭിനേതാവിന്റെ ജോലിയാണ് അഭിനയിക്കേണ്ട സമയത്ത് സമ്പൂർണ്ണമായി പാർട്ട് അഭിനയിക്കുക, കാണുന്നവർ ആഹാ ആഹാ എന്നു പറയണം, അതിനാലാണ് ഹീറോ ഹീറോയിൻ പാർട്ട് ദേവതകൾക്ക് ലഭിച്ചിരിക്കുന്നത് അവരുടെ ഓർമ്മ ചിത്രങ്ങളാണ് പൂജിക്കപ്പെടുന്നത്, അവരുടെ മഹിമയാണ് പാടുന്നത്. നിർവ്വികാരിയായി പ്രവൃത്തി മാർഗ്ഗത്തിൽ ഇരുന്ന് കമലപുഷ്പത്തിനു സമാനമായ അവസ്ഥയുണ്ടാക്കിയെടുക്കുക, ഇതാണ് ദേവതകളുടെ വിശേഷത. ഈ വിശേഷതയെ മറന്നതിനാലാണ് ഭാരതത്തിന് ഇത്രയും മോശമായ സ്ഥിതി ഉണ്ടായത്, ഇപ്പോൾ വീണ്ടും ഇതുപോലുള്ള ജീവിതം ഉണ്ടാക്കുന്നതിനായി സ്വയം പരമാത്മാവ് വന്നിരിക്കുന്നു, ഇപ്പോൾ ഭഗവാന്റെ കൈപിടിക്കുന്നതിലൂടെ ജീവിതമാകുന്ന തോണി അക്കരെയെത്തും. ഓം ശാന്തി.